**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 368** **27-06-2022 - ൽ മറുപടിയ്ക്ക്**

**റണ്ണിംഗ് കോൺട്രാക്ട് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പ് നടപ്പാക്കിയ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളുടെ പരിപാലനത്തിന് ബാധകമാക്കാൻ സാധിക്കുമോ; വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പിനെ അപേക്ഷിച്ച് താരതമ്യേന നീളവും, വീതിയും കുറഞ്ഞ റോഡുകളുടെ പ്രവർത്തികളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്നത്. കൂടാതെ, സാമ്പത്തിക ശേഷി കുറഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം നടപ്പാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളും ഉണ്ട്. അതിനാൽ പൈലറ്റ് പ്രോജക്ടായി, തെരഞ്ഞെടുത്ത സാമ്പത്തിക ശേഷി കൂടിയ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/ പഞ്ചായത്ത് എന്നിവകളിൽ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം നടപ്പാക്കുന്നത് പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതോടെ അറ്റകുറ്റപ്പണികൾക്കായുള്ള പ്രത്യേക എസ്റ്റിമേറ്റ്, ടെണ്ടർ തുടങ്ങിയവയുമായി ബന്ധപ്പെട്ട കാലതാമസം ഒഴിവാക്കുവാനും റോഡ് തകർച്ചയുടെ വ്യാപ്തി കുറയ്ക്കുന്നതിനും സാധിക്കില്ലേ എന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ പൊതുമരാമത്ത് വകുപ്പിലും, റോഡിൽ ഉണ്ടാകുന്ന കുഴികൾ അടയ്ക്കുന്നതിന് മാത്രമാണ് റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഉപയോഗിക്കുന്നത്. ആയത് തദ്ദേശ സ്വയംഭരണ വകുപ്പിലും അനുവർത്തിക്കുന്നത് പരിശോധിക്കുന്നതാണ്. |
| (സി) | ഇതിനായി നിലവിലെ ചട്ടങ്ങളിലും നടപടിക്രമങ്ങളിലും ഭേദഗതി വരുത്തുന്നതിനും, അറ്റകുറ്റപ്പണികൾ ആവശ്യമുള്ള തദ്ദേശ റോഡുകളുടെ പരിശോധന നടത്തി പട്ടിക തയ്യാറാക്കുന്നതിനും സന്നദ്ധമാകുമോയെന്ന് അറിയിക്കാമോ? | (സി) | വിശദമായി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ